(ബി, സി ആന്റ് ഡി) ടെൽക്കിനെ എസ്. ബി. ടി. യുടെ സഹായത്തോടുകൂടി സ്വകാര്യവത്ക്കരിക്കാൻ ബി. ഐ. എഫ്. ആർ. നിർദ്ദേശം നൽകി. ഇതിനെതിരെ കമ്പനിയും സർക്കാരും ഡൽഹി ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചു. എന്നാൽ ടെൽക്കിനെ മെച്ചപ്പെട്ട സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുവേണ്ടി ഡൽഹി ഹൈക്കോടതി അനുവദിച്ച സമയപരിധി കണക്കിലെടുത്ത് ഒരു ലോകോത്തര സാങ്കേതിക പങ്കാളിയെ കണ്ടെത്തുന്നതിനായി നൽകിയ പരസ്യമനുസരിച്ച് സീമെൻസ് ഇൻഡ്യ ലിമിറ്റഡ് ടെൽക്കിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഭൂരിപക്ഷം ഓഹരികൾ സർക്കാരിൽ നിലനിർത്തി കൊണ്ടായിരിക്കും സാങ്കേതിക പങ്കാളിത്തം നൽകുന്നത്.

2001-04 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായസംരംഭങ്ങൾ

35 [1240] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട, ഏലത്തൂർ, കൊക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകളിൽ ഇതുവരെയായി എത്ര ചെറുകിട വ്യവസായങ്ങൾ (എസ്സ്. എസ്സ്. ഐ.) രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(സി) 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത എസ്സ്. എസ്സ്. ഐ. രജിസ്ട്രേഷനുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1058 ചെറുകിട വ്യവസായങ്ങൾ ഇതുവരെയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്

(ബി) 792 വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി)

വർഷം	എണ്ണം
2001-2002	1153
2002-2003	908
2003-2004	477

ഓട് വ്യവസായത്തിന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ

36 [1241] ശ്രീ. കെ. വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഓട് വ്യവസായത്തിന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വ്യവസായത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിശ്ചയിച്ച കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റിപ്പോർട്ടിലെ ശുപാർശകളിൽ എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ; ഓടു വ്യവസായത്തിനാവശ്യമായ കളിമണ്ണുൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കാനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 363 എണ്ണം.

(ബി) ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയുടെ നവീകരണത്തിനായുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നു. റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി സഹകരിച്ച് ഓട് വ്യവസായ നവീകരണത്തിനായി രൂപം കൊണ്ട പദ്ധതിക്കായി 30.82 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ പ്രവർത്തനം നടന്നുവരുന്ന 'ഡവലപ്മെന്റ് ആന്റ് ഡമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ' എന്ന പദ്ധതിക്കായി 23 ലക്ഷം രൂപയും റീജിയണൽ റിസർച്ച് ലബോറട്ടറിക്ക് അനുവദിച്ചു. എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ച് ഊർജ്ജ സംരക്ഷണം നടത്തി ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ ഓട് വ്യവസായ യൂണിറ്റുകളിൽ സ്ഥാപിച്ചുവരുന്നു. നിലവിലുള്ള യൂണിറ്റുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) ഉണ്ട്. 2000-ൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഓട് വ്യവസായത്തിന്റെ വൈവിദ്ധ്യവത്ക്കരണത്തിനും ഗുണമേന്മാ വർദ്ധനവിനും ആവശ്യമായ പദ്ധതികൾ റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി സഹകരിച്ചു നടപ്പാക്കിവരുന്നു. അന്തർദ്ദേശീയ ഗുണനിലവാരമുള്ള ചൂളകൾ നിർമ്മിച്ച് ഓടിന്റെ ഗുണനിലവാരം ഉടർത്തുകയെന്നതാണ് ഇത്തരം വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. കേരള ഭൂവിനിയോഗ നിയമപ്രകാരം കളിമണ്ണ് നെൽവയലുകളിൽ നിന്നും ശേഖരിക്കുന്നത് കുറ്റകരമാണ്. എടുക്കുന്ന മണ്ണിന് റോയൽറ്റിയും കൊടുക്കേണ്ടതുണ്ട്. അതിനാൽ ഓടു വ്യവസായ യൂണിറ്റുകൾക്ക് ആവശ്യാനുസരണം കളിമണ്ണ് കിട്ടത്തക്ക രീതിയിൽ റോയൽറ്റി ഒഴിവാക്കിക്കൊണ്ടും മണ്ണ് എടുക്കുന്നതിനുള്ള നിയമത്തിൽ അയവു വരുത്തിയും കേരള ഭൂവിനിയോഗ നിയമത്തിൽ ഭേദഗതി വരുത്തുകയാണെങ്കിൽ മാത്രമേ കളിമണ്ണ് ദൗർലഭ്യത്തിന് പരിഹാരമാവുകയുള്ളു. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയ്ക്കു നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ മണ്ണെണ്ണയുടെ ദൗർലഭ്യവും ഈ വ്യവസായത്തിന് പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly